**പതിനഞ്ചാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2296** **30-09-2025-ൽ മറുപടിയ്ക്ക്**

**<u>മെഡിക്കൽ കോളേജിൽ സ്ഥാപിച്ച വൈറോളജി ആൻഡ് മോളിക്യൂലാർ ബയോളജി ലാബ്</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. മോൻസ് ജോസഫ്

ശ്രീ. കെ. മുരളീധരൻ
(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

**(എ)** തിരുവനന്തപുരം മെഡിക്കൽ കോളേജിൽ സ്ഥാപിച്ച വൈറോളജി ആൻഡ് മോളിക്യൂലാർ ബയോളജി ലാബ് രണ്ടുവർഷം കഴിഞ്ഞിട്ടും പ്രവർത്തനം ആരംഭിക്കാത്തതിന്റെ പ്രധാന കാരണം എന്താണ്; വിശദമാക്കുമോ;

**<u>മറുപടി:</u>** തിരുവനന്തപുരം മെഡിക്കൽ കോളേജിൽ വൈറോളജി & മോളിക്യൂലാർ ബയോളജി ലാബ് സ്ഥാപിച്ചിട്ടില്ല. എന്നാൽ മൈക്രോബയോളജി വിഭാഗത്തിന്റെ കീഴിൽ Centrally Sponsored Scheme (ICMR) ന്റെ ഭാഗമായി 2014 ൽ വൈറൽ റിസർച്ച് & ഡയഗ്നോസ്റ്റിക് ലാബ് (VRDL) തുടങ്ങാൻ തീരുമാനിക്കുകയും 2015 ൽ ഫണ്ട് അനുവദിച്ച് പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ മൾട്ടി ഡിസിപ്ലിനറി റിസർച്ച് യൂണിറ്റിൽ (MRU) ഉള്ള മോളിക്കുലാർ ബയോളജി ലാബ്, നിദാൻ കേന്ദ്രയുടെ (Nidan Kendra) മോളിക്കുലാർ ഡയഗ്നോസ്റ്റിക് ലാബ്, അഡ്വാൻസ്ഡ് ഇമ്മ്യൂണോ ഹെമറ്റോളജി ലാബിൽ ഉള്ള മോളിക്കുലാർ ലാബ് എന്നിവയും പ്രവർത്തിച്ചു വരുന്നുണ്ട്.

തിരുവനന്തപുരം മെഡിക്കൽ കോളേജിൽ KHRWS മോളിക്യൂലാർ ബയോളജി & വൈറോളജി ലാബ് സ്ഥാപിക്കുന്നതിനായി 14.05.2024 ൽ ഇ-ടെണ്ടർ നടപടികൾ ആരംഭിച്ചിരുന്നു. എന്നാൽ ടെണ്ടറിൽ പങ്കെടുത്ത 4 കമ്പനികളുമായി നിരവധി തവണ നടത്തിയ കൂടിക്കാഴ്ചകൾക്കുശേഷം പി.എച്ച് ലാബ് ഡയറക്ടർ, KMSCL പ്രതിനിധി, മറ്റ് വിദഗ്ധർ എന്നിവരടങ്ങുന്ന സാങ്കേതിക സമിതി പ്രസ്തുത ടെണ്ടറിൽ പിഴവുകൾ കണ്ടെത്തിയതിനാൽ ടെണ്ടർ നടപടികൾ പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല. സാങ്കേതിക ബിഡിൽ ആരും യോഗ്യത നേടാത്തതിനാൽ പുതിയ ടെണ്ടർ ക്ഷണിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**(ബി)** ലാബിന്റെ നിർമ്മാണവും സൗകര്യങ്ങളും (സിവിൽ ജോലികൾ, ഫർണിച്ചർ) പൂർത്തിയായിട്ടും യന്ത്രങ്ങൾ വാങ്ങാൻ വൈകിയതിന്റെ കാരണം വിശദമാക്കാമോ;

**<u>മറുപടി:</u>** തിരുവനന്തപുരം മെഡിക്കൽ കോളേജിൽ വൈറോളജി & മോളിക്യൂലാർ ബയോളജി ലാബ് സ്ഥാപിച്ചിട്ടില്ല. എന്നാൽ മൈക്രോബയോളജി വിഭാഗത്തിന്റെ കീഴിൽ Centrally Sponsored Scheme (ICMR) ന്റെ ഭാഗമായി 2014 ൽ വൈറൽ റിസർച്ച് & ഡയഗ്നോസ്റ്റിക് ലാബ് (VRDL) തുടങ്ങാൻ തീരുമാനിക്കുകയും 2015 ൽ ഫണ്ട് അനുവദിച്ച് പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ മൾട്ടി ഡിസിപ്ലിനറി റിസർച്ച് യൂണിറ്റിൽ (MRU) ഉള്ള മോളിക്കുലാർ ബയോളജി ലാബ്, നിദാൻ കേന്ദ്രയുടെ (Nidan Kendra) മോളിക്കുലാർ ഡയഗ്നോസ്റ്റിക് ലാബ്, അഡ്വാൻസ്ഡ് ഇമ്മ്യൂണോ ഹെമറ്റോളജി ലാബിൽ ഉള്ള മോളിക്കുലാർ ലാബ് എന്നിവയും പ്രവർത്തിച്ചു വരുന്നുണ്ട്.

തിരുവനന്തപുരം മെഡിക്കൽ കോളേജിൽ KHRWS മോളിക്യുലാർ ബയോളജി & വൈറോളജി ലാബ് സ്ഥാപിക്കുന്നതിനായി 14.05.2024 ൽ ഇ-ടെണ്ടർ നടപടികൾ ആരംഭിച്ചിരുന്നു. എന്നാൽ ടെണ്ടറിൽ പങ്കെടുത്ത 4 കമ്പനികളുമായി നിരവധി തവണ നടത്തിയ കൂടിക്കാഴ്ചകൾക്കുശേഷം പി.എച്ച് ലാബ് ഡയറക്ടർ, KMSCL പ്രതിനിധി, മറ്റ് വിദഗ്ദ്ധർ എന്നിവരടങ്ങുന്ന സാങ്കേതിക സമിതി പ്രസ്തുത ടെണ്ടറിൽ പിഴവുകൾ കണ്ടെത്തിയതിനാൽ ടെണ്ടർ നടപടികൾ പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല. സാങ്കേതിക ബിഡിൽ ആരും യോഗ്യത നേടാത്തതിനാൽ പുതിയ ടെണ്ടർ ക്ഷണിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**(സി)** ആദ്യ ടെണ്ടർ പ്രക്രിയയിൽ ഒരു കമ്പനി മാത്രമാണോ പങ്കെടുത്തത്; തുടർന്ന് റീടെണ്ടർ നടത്താത്തതിന്റെ കാരണങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** തിരുവനന്തപുരം മെഡിക്കൽ കോളേജിൽ വൈറോളജി & മോളിക്യുലാർ ബയോളജി ലാബ് സ്ഥാപിച്ചിട്ടില്ല. എന്നാൽ മൈക്രോബയോളജി വിഭാഗത്തിന്റെ കീഴിൽ Centrally Sponsored Scheme (ICMR) ന്റെ ഭാഗമായി 2014 ൽ വൈറൽ റിസർച്ച് & ഡയഗ്നോസ്റ്റിക് ലാബ് (VRDL) തുടങ്ങാൻ തീരുമാനിക്കുകയും 2015 ൽ ഫണ്ട് അനുവദിച്ച് പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ മൾട്ടി ഡിസിപ്ലിനറി റിസർച്ച് യൂണിറ്റിൽ (MRU) ഉള്ള മോളിക്കുലാർ ബയോളജി ലാബ്, നിദാൻ കേന്ദ്രയുടെ (Nidan Kendra) മോളിക്കുലാർ ഡയഗ്നോസ്റ്റിക് ലാബ്, അഡ്വാൻസ്ഡ് ഇമ്മ്യൂണോ ഹെമറ്റോളജി ലാബിൽ ഉള്ള മോളിക്കുലാർ ലാബ് എന്നിവയും പ്രവർത്തിച്ചു വരുന്നുണ്ട്.

തിരുവനന്തപുരം മെഡിക്കൽ കോളേജിൽ KHRWS മോളിക്യുലാർ ബയോളജി & വൈറോളജി ലാബ് സ്ഥാപിക്കുന്നതിനായി 14.05.2024 ൽ ഇ-ടെണ്ടർ നടപടികൾ ആരംഭിച്ചിരുന്നു. എന്നാൽ ടെണ്ടറിൽ പങ്കെടുത്ത 4 കമ്പനികളുമായി നിരവധി തവണ നടത്തിയ കൂടിക്കാഴ്ചകൾക്കുശേഷം പി.എച്ച് ലാബ് ഡയറക്ടർ, KMSCL പ്രതിനിധി, മറ്റ് വിദഗ്ദ്ധർ എന്നിവരടങ്ങുന്ന സാങ്കേതിക സമിതി പ്രസ്തുത ടെണ്ടറിൽ പിഴവുകൾ കണ്ടെത്തിയതിനാൽ ടെണ്ടർ നടപടികൾ പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല. സാങ്കേതിക ബിഡിൽ ആരും യോഗ്യത നേടാത്തതിനാൽ പുതിയ ടെണ്ടർ ക്ഷണിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**(ഡി)** ലാബിന്റെ ചുമതലയിലേക്ക് പരിഗണിച്ച വ്യക്തിയുടെ യോഗ്യതയെക്കുറിച്ച് ഉണ്ടായ തർക്കം പ്രവർത്തനം വൈകാൻ കാരണമായോ; വിശദമാക്കാമോ;

**<u>മറുപടി:</u>** ലാബിന്റെ ചുമതലയിലേയ്ക്ക് ആരേയും പരിഗണിച്ചിരുന്നില്ല.

**(ഇ)** ഗുരുതര വൈറസ് രോഗങ്ങൾ (നിപ്പ, ഹെപ്പറ്റൈറ്റിസ്, എച്ച്. ഐ. വി. തുടങ്ങിയവ) നിർണയിക്കാൻ ആവശ്യമായ ലാബുകളുടെ സൗകര്യം സംസ്ഥാനത്തുതന്നെ ഒരുക്കുന്നതിന് പകരം ഇപ്പോഴും എന്തുകൊണ്ടാണ് പൂണെയിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വൈറോളജിയെ ആശ്രയിക്കേണ്ടി വരുന്നത്; വിശദമാക്കാമോ;

**<u>മറുപടി:</u>** തിരുവനന്തപുരം മെഡിക്കൽ കോളേജിൽ മൈക്രോബയോളജി വിഭാഗത്തിൽ പ്രവർത്തിച്ചു വരുന്ന വൈറൽ റിസർച്ച് & ഡയഗ്നോസ്റ്റിക് ലാബ് (VRDL) , ഒരു വൈറോളജി നെറ്റവർക്കിന്റെ ഭാഗമാണ്. രാജ്യവ്യാപകമായുള്ള ICMR ന്റെ ലാബ് ശൃംഖലയുടെ ഭാഗമായുള്ള പ്രോജക്ടിന്റെ ഭാഗമാണ് വൈറൽ റിസർച്ച് & ഡയഗ്നോസ്റ്റിക് ലാബ് (VRDL). അതിന്റെ അപെക്സ് ലബോറട്ടറി നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വൈറോളജി, പൂനെ ആണ്.

വളരെയധികം പ്രാധാന്യമുള്ള രോഗങ്ങളുടെ നിർണ്ണയം പുറത്തു വിടുന്നതിന് മുമ്പ് അപെക്സ് ലാബ് അതായത് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വൈറോളജി, പൂനെയുടെ അംഗീകാരം വേണമെന്നത് ഈ ശൃംഗലയുടെ പ്രവർത്തനത്തിന്റെ ഭാഗമാണ്. എല്ലാ ദിവസവും രോഗനിർണ്ണയം നടത്തുകയും രോഗികൾക്ക് റിപ്പോർട്ട് നൽകുകയും ചെയ്തു വരുന്നു.

**(എഫ്)** സംസ്ഥാനത്തിലെ മറ്റ് കേന്ദ്രങ്ങളിൽ (തോന്നയ്ക്കൽ ലൈഫ് സയൻസ് പാർക്ക്, ആലപ്പുഴ മെഡിക്കൽ കോളേജ്) വൈറോളജി ലാബുകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും തിരുവനന്തപുരം മെഡിക്കൽ കോളേജിൽ മാത്രം ലാബിന്റെ പ്രവർത്തനം വൈകാൻ പ്രത്യേക കാരണമുണ്ടോ; വ്യക്തമാക്കാമോ;

**<u>മറുപടി:</u>** തിരുവനന്തപുരം മെഡിക്കൽ കോളേജിൽ നിലവിൽ വൈറോളജി ലാബ് (VRDL) പ്രവർത്തിക്കുന്നുണ്ട്. ആയതിന്റെ പ്രവർത്തനം തുടങ്ങാൻ വൈകിയിട്ടില്ല.

**(ജി)** സർക്കാർ 180 കോടി രൂപയുടെ വികസന പദ്ധതികൾ മെഡിക്കൽ കോളേജിൽ പ്രഖ്യാപിച്ചിട്ടും അതിൽ വൈറോളജി ലാബ് ഉൾപ്പെടാത്തത് എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ?

**<u>മറുപടി:</u>** ICMR-ന്റെ ഫണ്ട് ഉപയോഗിച്ച് 2015 മുതൽ Centrally Sponsored Scheme ന്റെ ഭാഗമായി വൈറോളജി ലാബ് (VRDL) പ്രവർത്തിച്ചു വരുന്നു.

**സെക്ഷൻ ഓഫീസർ**